**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4292** **18-03-2025 - ൽ മറുപടിയ്ക്ക്**

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഷെഡുകൾ അനുവദിക്കുന്നതിലെ കരട് മാർഗ്ഗരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഷെഡുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 18.02.2025-ൽ പുറത്തിറക്കിയിട്ടുള്ള കരട് മാർഗ്ഗരേഖ ലഭ്യമാക്കാമോ; | (എ) | (എ), (ബി), (സി), (ഡി), (ഇ) & (എഫ്)<br><br>കരട് മാർഗരേഖ പുറപ്പെടുവിച്ചിട്ടില്ല. കരട് മാർഗരേഖ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ തയ്യാറാക്കി വരുന്നതേയുള്ളു. |
| (ബി) | പ്രസ്തുത എസ്റ്റേറ്റുകളിൽ നിലവിൽ ഷെഡുകൾ അനുവദിക്കുന്ന കാലാവധിയായ തൊണ്ണൂറ് വർഷം എന്നത് മുപ്പത് വർഷമായി കുറയ്ക്കണം എന്ന് കരട് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ടോ; | (ബി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഷെഡുകളുടെ നിശ്ചയിച്ചിട്ടുള്ള വാടക പൂർണ്ണമായും അടച്ച് പ്രസ്തുത എസ്റ്റേറ്റുകളിൽ നിന്ന് ഷെഡുകൾ എടുത്തവർ പുതുക്കിയ ബൈലോ പ്രകാരം മുപ്പത് വർഷം കഴിഞ്ഞ് അവരുടെ വ്യവസായങ്ങൾ അവസാനിപ്പിക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ; | (സി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത എസ്റ്റേറ്റുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ പ്രസിഡൻറ്/ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഒഴിവാക്കി ഉദ്യോഗസ്ഥരെ നിയമിക്കണം എന്ന കരട് മാർഗരേഖയിലെ നിർദ്ദേശത്തിന്റെ ആവശ്യകത വ്യക്തമാക്കാമോ; | (ഡി) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ രജിസ്ട്രാർ കൂടിയായ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറെ പ്രസ്തുത കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡൻറ് അല്ലെങ്കിൽ ചെയർമാൻ ആക്കണമെന്ന കരട് മാർഗ്ഗരേഖയിലെ നിർദ്ദേശം നിയമസാധുതയുള്ളതാണോ എന്ന് അറിയിക്കാമോ; | (ഇ) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |
| (എഫ്) | ജനാധിപത്യപരവും അഴിമതി രഹിതവുമായ രീതിയിൽ പൊതുജനങ്ങൾക്ക് പ്രസ്തുത എസ്റ്റേറ്റുകളുടെ ഷെഡുകളും സ്ഥലവും | (എഫ്) | മറുപടി (എ) പാർട്ടിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വ്യവസായത്തിനായി നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിക്ക് നൽകിയിരുന്ന ഉത്തരവാദിത്തം ഉദ്യോഗസ്ഥർക്ക് മാത്രം നൽകണമെന്ന് കരട് മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന്റെ ആവശ്യകത വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ